"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തിരുവനന്തപുരം നഗരസഭയിലെ കവടിയാർ വില്ലേജിൽ ഗ്രൂപ്പ് ഡി വിഭാഗത്തിലുള്ള കെട്ടിടനിർമ്മാണ പെർമിറ്റിനായി ശ്രീ. ടി.സി ഈപ്പൻ, ശ്രീമതി റേച്ചലമ്മ ഈപ്പൻ എന്നിവർ എക്സംപ്ഷൻ ഫീസിനത്തിൽ ഒടുക്കിയ തുക റീഫണ്ട് ചെയ്തു നൽകുന്നതിന് ഭരണാനുമതി നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ആർഎ) വകുപ്പ്**

സ.ഉ.(സാധാ) നം.1440/2026/LSGD തീയതി, തിരുവനന്തപുരം, 05-08-2026

---

പരാമർശം:-

1. തിരുവനന്തപുരം നഗരസഭ സെക്രട്ടറിയുടെ 26.05.2025-ലെ E10/154669/2024 നമ്പർ കത്ത്.
2. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 24.02.2026-ലെ LSGD/PD/23811/2025-AR4 നമ്പർ കത്ത്.
3. തിരുവനന്തപുരം നഗരസഭ സെക്രട്ടറിയുടെ 18.06.2026-ലെ E10 1546691/24 നമ്പർ കത്ത്.

**ഉത്തരവ്**

തിരുവനന്തപുരം നഗരസഭയിലെ കുറവൻകോണം വാർഡിൽ കവടിയാർ വില്ലേജിലെ സർവ്വേ നമ്പർ 3737/4-2-1, 4-1-1-ൽ ഉൾപ്പെട്ട വസ്തുവിൽ കെട്ടിടം നിർമ്മിക്കുന്നതിന് അനുമതിയ്ക്കായി 09.01.1995-ൽ ശ്രീ. ടി.സി ഈപ്പൻ, ശ്രീമതി റേച്ചലമ്മ ഈപ്പൻ എന്നിവർ അപേക്ഷ നൽകിയിരുന്നുവെന്നും സർക്കാരിലേക്ക് അടയ്ക്കേണ്ട 32,000/-രൂപ 12/02/1996-ൽ ട്രഷറിയിലും, സാങ്ഷൻ ഫീസ് ആയി 60,155/-രൂപ 24/01/1997-ൽ നഗരസഭയിലും ഒടുക്കിയിരുന്നുവെന്നും സർക്കാരിന്റെ 02.05.1998-ലെ 7114/ഇ2/98/LAD നമ്പർ കത്ത് പ്രകാരം ക്രമവൽക്കരണ അപേക്ഷ നിരസിച്ചിട്ടുള്ളതായി അറിയിച്ചിരുന്നുവെന്നും പെർമിറ്റ് നൽകാത്ത സാഹചര്യത്തിൽ പെർമിറ്റ് ഫീയായി നഗരസഭയിൽ ഒടുക്കിയ 60,155/- രൂപ തിരികെ നൽകിയിട്ടുണ്ടെന്നും എക്സംപ്ഷൻ ഫീസ് ആയി ട്രഷറിയിൽ ഒടുക്കിയ 32,000/-രൂപയുടെ റീഫണ്ട് പരിഗണിക്കാവുന്നതാണെന്നും പരാമർശം (1) പ്രകാരം തിരുവനന്തപുരം നഗരസഭ സെക്രട്ടറി റിപ്പോർട്ട് ചെയ്തിരുന്നു.

2) ഗ്രൂപ്പ് ഡി വിഭാഗത്തിൽ (ആഡിറ്റോറിയം കോൺഫറൻസ് ഹാൾ) ഉള്ള മൾട്ടിപർപ്പസ് വിഭാഗത്തിൽ 6 നിലകൾ ആയി കെട്ടിടം നിർമ്മിക്കാൻ 9/1/1995 തീയതിയിൽ ശ്രീ. ടി.സി. ഈപ്പൻ അപേക്ഷ സമർപ്പിച്ചിരുന്നുവെന്നും, പ്രസ്തുത സ്ഥലം സാംഗ്ക്ഷൻഡ് മാസ്റ്റർ പ്ലാൻ പ്രകാരം റസിഡൻഷ്യൽ സോൺ ആയതിനാലും മതിയായ ആക്സസ്

ഇല്ലാത്തതിനാലും പെർമിറ്റ് അനുവദിച്ചിരുന്നില്ലെന്നും, ഈ വിവരം 02.09.1998-ലും 13.05.2002-ലും അപേക്ഷകനെ സർക്കാർ അറിയിച്ചിട്ടുണ്ടെന്നും ഈ അപേക്ഷയിൽ എക്സംപ്ഷൻ ഫീസ് ഇനത്തിൽ 32,000/- രൂപ 12/2/1996-ൽ വെള്ളയമ്പലം ട്രഷറിയിൽ അടച്ച ചലാൻ രസീതും 24/1/1997-ൽ 60,155/- രൂപ പെർമിറ്റിന് വേണ്ടി കോർപ്പറേഷൻ ക്യാഷ് കൗണ്ടറിൽ അടച്ച രസീതിന്റെ ഒറിജിനലും അപേക്ഷകൻ ഹാജരാക്കിയിട്ടുണ്ടെന്നും 1995 കാലഘട്ടത്തിലെ അപേക്ഷ നഗരസഭ റിക്കോർഡ് വിഭാഗത്തിൽ ലഭ്യമല്ലാത്തതിനാൽ സ്ഥലപരിശോധന പ്രകാരവും 02/04/2024-ൽ കൂടിയ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനം 2 (29) KSMART/1546691/2024 പ്രകാരവും, നഗരസഭ പെർമിറ്റ് നൽകാത്ത സാഹചര്യത്തിൽ ശ്രീ. ടി.സി ഈപ്പൻ അടച്ച 60,155/- രൂപ തിരികെ നൽകിയിട്ടുണ്ടെന്നും തിരുവനന്തപുരം നഗരസഭ സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും ടി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ശ്രീ. ടി. സി ഈപ്പൻ, ശ്രീമതി റേച്ചലമ്മ ഈപ്പൻ എന്നിവർ 0217-60-800-96 എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ ഒടുക്കിയ തുക നടപടിക്രമം പാലിച്ച് തിരികെ നൽകാവുന്നതാണെന്നും പരാമർശം (2) പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ ശിപാർശ ചെയ്തിട്ടുണ്ട്.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തിരുവനന്തപുരം നഗരസഭയിലെ കുറവൻകോണം വാർഡിൽ കവടിയാർ വില്ലേജിൽ സർവ്വേ നം. 3737/4-2-1, 4-1-1- ൽ ഉൾപ്പെട്ട വസ്തുവിൽ ഗ്രൂപ്പ് ഡി വിഭാഗത്തിലുള്ള കെട്ടിടനിർമ്മാണത്തിന് പെർമിറ്റ് ലഭിക്കുന്നതുമായി ബന്ധപ്പെട്ട് ശ്രീ. ടി.സി ഈപ്പൻ, ശ്രീമതി റേച്ചലമ്മ ഈപ്പൻ എന്നിവർ എക്സംപ്ഷൻ ഫീസ് ഇനത്തിൽ ഒടുക്കിയ 32,000/- രൂപ, തുക അടവാക്കിയ ശീർഷകവും ചലാന്റെ ആധികാരികതയും പരിശോധിച്ച് ഉറപ്പു വരുത്തി തുക അടവാക്കിയ 0217-60-800-96 ശീർഷകത്തിൽ നിന്നു തന്നെ നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് റീഫണ്ട് ചെയ്തു നൽകുന്നതിന് തിരുവനന്തപുരം നഗരസഭയിലെ സൂപ്രണ്ടിംഗ് എഞ്ചിനീയറെ (DDO Code: 0101470072) ചുമതലപ്പെടുത്തി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഷാനവാസ് എസ് ഐ എ എസ്
സ്പെഷ്യൽ സെക്രട്ടറി

ശ്രീ. ടി.സി ഈപ്പൻ, ശ്രീമതി റേച്ചലമ്മ ഈപ്പൻ, ടി.സി. 4/898, ചിത്രാ ഗാർഡൻസ്, കവടിയാർ പി.ഒ., തിരുവനന്തപുരം - 695003.
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
സെക്രട്ടറി, തിരുവനന്തപുരം നഗരസഭ
സൂപ്രണ്ടിംഗ് എഞ്ചിനീയർ, തിരുവനന്തപുരം നഗരസഭ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ ആന്റ് ഇ), കേരള, തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
ജില്ല ട്രഷറി ഓഫീസർ, തിരുവനന്തപുരം
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
ധനകാര്യ (ഡെവ-വിംഗ്) വകുപ്പ്. [06.04.2026-ലെ ഡെവ-4/61/2026-ധന(E:3462558) നമ്പർ

കുറിപ്പ് പ്രകാരം]

ഇൻഫർമേഷൻ ഓഫീസർ (വെബ് & ന്യൂമീഡിയ), വിവര പൊതുജന സമ്പർക്ക വകുപ്പ്

കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Digitally signed by
Rashmi D
Date: 05-08-2026
16:27:04

സെക്ഷൻ ഓഫീസർ